പതിമൂന്നാം കേരള നിയമ സഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5427

6.7.2012 ൽ മറുപടിക്ക്

## വ്യാജമരുന്നുകൾ പരിശോധിക്കുവാൻ സംവിധാനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. രാജു എബ്രഹാം | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും<br>ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) വ്യാജമരുന്നുകൾ കേരളത്തിലേയ്ക്ക് വൻതോതിൽ എത്തിക്കൊണ്ടിരിക്കുന്നത് പരിശോധിക്കുവാൻ എന്തൊക്കെ സംവിധാനങ്ങളാണ് സംസ്ഥാനത്ത് നിലവിലുള്ളത്; | (എ) കേരളത്തിൽ വ്യാജ മരുന്നു നിർമ്മാണ വിതരണ ശൃംഖല ഒന്നും തന്നെ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ഒറ്റപ്പെട്ട സ്ഥലങ്ങളിൽ ചില വ്യക്തികൾ വില കുറഞ്ഞ മരുന്നുകൾ വാങ്ങി അവയുടെ ലേബൽ മാറ്റി പ്രമുഖ കമ്പനികളുടെ ലേബൽ സ്വയം പ്രിന്റ് ചെയ്ത് ഒട്ടിച്ചു കൂടിയ വിലയ്ക്ക് വില്പന നടത്താൻ ശ്രമിച്ച ഒറ്റപ്പെട്ട ചില സംഭവങ്ങൾ ശ്രദ്ധയിൽപ്പെടുകയും ടി മരുന്നുകൾ കണ്ടുകെട്ടി പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇതു കൂടാതെ സെൻട്രൽ ഡ്രഗ്സ് സ്റ്റാൻഡേർഡ് കൺട്രോൾ ഓർഗനൈസേഷൻ ഹിമാചൽപ്രദേശ്, ഫരീദാബാദ്, ഗാസിയാബാദ് എന്നീ സ്ഥലങ്ങളിൽ അതാത് ഡ്രഗ്സ് കൺട്രോൾ വകുപ്പ് ഉദ്യോഗസ്ഥർ വ്യാജ മരുന്നുകൾ കണ്ടെത്തിയതായി അറിയിക്കുകയും ടി മരുന്നുകളുടെവിശദാംശങ്ങൾ അയച്ചു തരുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഇവ വിപണിയിൽ ലഭ്യമാണോ എന്ന് ഊർജ്ജിതമായ അന്വേഷണം നടത്തിയെങ്കിലും ഈ മരുന്നുകൾ സംസ്ഥാനത്ത് നാളിതുവരെ വിപണിയിൽ ഉള്ളതായി കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. മറ്റ് സംസ്ഥാനങ്ങളിലെ ലബോറട്ടറികളിലുള്ള ഗുണനിലവാര പരിശോധനയിൽ Not of Standard Quality ആയിട്ടുള്ള മരുന്നുകളുടെ വിശദാംശങ്ങൾ (ടെസ്റ്റ് റിപ്പോർട്ട്) അതാത് സംസ്ഥാന ഡ്രഗ്സ് കൺട്രോളർ, ഇവിടേക്ക് അയച്ചുതരുകയും പ്രസ്തുത മരുന്നുകൾ മാർക്കറ്റിൽ ലഭ്യമാണെങ്കിൽ ആയതിന്റെ വിതരണം വകുപ്പിലെ ഡ്രഗ്സ് ഇൻസ്പെക്ടർമാർ തടയാറുമുണ്ട്.<br>ഗവൺമെന്റ് ഓഫ് ഇന്ത്യയുടെ കണക്കനുസരിച്ച് രാജ്യത്ത് വിറ്റഴിക്കുന്ന 60000 കോടി രൂപയുടെ ഔഷധങ്ങളിൽ 0.1- 0.3% മാത്രമാണ്വ്യാജമരുന്നുകളായി വിപണനം നടത്തുന്നത്. |

| | |
|---|---|
| (ബി)പനി പടർന്നു പിടിക്കുന്ന സാഹചര്യത്തിൽ വ്യാജമരുന്നുകൾ കേരളത്തിലേയ്ക്ക് എത്തുന്നു എന്ന വിവരം കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിൽ നിന്നും സംസ്ഥാനത്തെ അറിയിച്ചിട്ടുണ്ടോ; | (ബി)അറിയിച്ചിട്ടില്ല. |
| (സി)ഡ്രഗ്സ് കൺട്രോൾ ബോർഡ് പരിശോധനയിൽ കഴിഞ്ഞ ഒരു വർഷത്തിനിടയിൽ എത്ര സാമ്പിളുകൾ പരിശോധിച്ചിട്ടുണ്ട്;വിശദാംശങ്ങൾ വ്യക്തമാക്കാമോ; | (സി)മരുന്നുകളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് 2011 ൽ 3932 സാമ്പിളുകൾ എടുക്കുകയും അതിൽ 207 സാമ്പിളുകൾ ഗുണനിലവാരം ഇല്ലായെന്ന് കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. ഈ മരുന്നുകളുടെ തുടർന്നുള്ള വില്പനതടയുകയും നിർമ്മാതാക്കൾക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| (ഡി)വ്യാജമരുന്നുകൾ വിറ്റ എത്ര പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്; | (ഡി) ആരെയും അറസ്റ്റ് ചെയ്തിട്ടില്ല. |
| (ഇ)കേരള മെഡിക്കൽ കോർപ്പറേഷൻ വഴി വിതരണം ചെയ്യുന്ന മരുന്നുകളിൽ നടത്തിയിട്ടുള്ള പരിശോധനകളുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ; | (ഇ)കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വഴി വിതരണം ചെയ്യുന്ന മരുന്നുകളിൽ 2011 ലെ കണക്കനുസരിച്ച് 138 ഇനം മരുന്നുകൾ പരിശോധന നടത്തിയതിൽ 25 എണ്ണം ഗുണനിലവാരം കുറഞ്ഞതായി കണ്ടെത്തുകയും അവയുടെ നിർമ്മാതാക്കൾക്കെതിരെ നിയമ നടപടി കൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| (എഫ്)വ്യാജ മരുന്നുകൾ വിതരണം ചെയ്ത എത്ര പേരെ കഴിഞ്ഞ അഞ്ചുവർഷത്തിനിടയിൽ കോടതി ശിക്ഷിച്ചിട്ടുണ്ട്; | (എഫ്) വ്യാജ മരുന്നുകൾ വിതരണം ചെയ്തതുമായി ബന്ധപ്പെട്ട 3 കേസുകൾ കോടതിയുടെ പരിഗണനയിലാണ്. |
| (ജി)വ്യാജ മരുന്നുകൾ വിതരണം ചെയ്ത എത്ര കമ്പനികളെ ബ്ലാക്ക് ലിസ്റ്റിൽ പ്പെടുത്തിയിട്ടുണ്ട്;വിശദമാക്കുമോ; | (ജി)വ്യാജ മരുന്നുകൾ വിതരണം ചെയ്ത കമ്പനികളെ ബ്ലാക്ക് ലിസ്റ്റിൽ പെടുത്തേണ്ടിവരുന്ന സാഹചര്യങ്ങൾ വന്നിട്ടില്ല. |
| (എച്ച്)പ്രസ്തുത ലിസ്റ്റിൽപ്പെട്ട കമ്പനികൾ മറ്റു പേരുകളിൽ മരുന്നുകൾ വിതരണം ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | (എച്ച്)ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ